**ശ്രദ്ധക്ഷണിക്കൽ**

## വിദ്യാഭ്യാസ വായ്പ

ശ്രീ. ജെയിംസ് മാത്യൂ: സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ ആയിരക്കണക്കിന് മിടുക്കരായ കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുകയാണ്. 2001 ഏപ്രിൽ മാസം 28-ാം തീയതി കേന്ദ്രഗവൺമെന്റ് ഒരു നിർദ്ദേശത്തിലൂടെ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ദേശസാൽകൃതവും അല്ലാത്തതുമായ ബാങ്കുകളോട് നിഷ്കർഷിക്കുകയുണ്ടായി. ഇതനുസരിച്ച് റിസർവ് ബാങ്കും തുടർന്ന് ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനും വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നതിനുള്ള വളരെ കൃത്യമായ ഒരു വ്യവസ്ഥയുണ്ടാക്കിയിരുന്നു. ഇതുപ്രകാരം 4 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് പലിശയില്ലാതേയും തുടർന്നുള്ള വായ്പയ്ക്ക് 5 ശതമാനം നിരക്കിൽ പലിശയ്ക്കാണ് കുട്ടികൾക്ക് കൊടുത്തുവന്നത്. 4 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് പ്രത്യേകിച്ച് ഏതെങ്കിലും ഗ്യാരണ്ടി ആവശ്യമുണ്ടായിരുന്നില്ല. തുടർന്നുള്ള വായ്പയ്ക്ക് രക്ഷകർത്താക്കളോ കൊളാറ്ററൽ സെക്യൂരിറ്റിയോ ആണ് നിർബന്ധമാക്കിയിരുന്നത്. ഇത്തരത്തിൽ വായ്പകൾ വാങ്ങാൻ

അവസരമുണ്ടായിരുന്നതുകൊണ്ട് ഇന്ത്യയ്ക്കകത്ത് പഠിക്കാൻ 10 ലക്ഷം രൂപ വരെയും വിദേശപഠനത്തിന് 20 ലക്ഷം രൂപവരെയും നിലവിൽ ലഭ്യമായിരുന്നു. ഈ സൗകര്യം ഉപയോഗപ്പെടുത്തി പതിനായിരക്കണക്കിന് കുട്ടികൾ പഠിക്കുകയും ജോലി നേടുകയും ചെയ്തിട്ടുണ്ട്. ഈ സഭയിൽ ഇന്ന് രാവിലെ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി വ്യക്തമാക്കിയത്, സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 40 ശതമാനത്തോളം വിദേശ മലയാളികളുടെ സമ്പാദ്യമാണെന്നാണ്. വിദേശത്തേയ്ക്ക് ഒരു സാധാരണ മലയാളിക്ക് പോകാൻ സാധിക്കണമെങ്കിൽ അഭ്യസ്തവിദ്യനെങ്കിലുമാകണം. അഭ്യസ്തവിദ്യരായ അത്തരമാളുകൾക്ക്, ഇക്കഴിഞ്ഞ കാലമത്രയും ഉണ്ടായിരുന്ന, തൊഴിൽനേടാനുള്ള അവസരം നിഷേധിക്കത്തക്കവിധത്തിൽ ഇന്ന് ബാങ്കുകൾ ലോൺ നിരസിക്കുകയാണ്. ദേശസാൽകൃത ബാങ്കുകളിലോ കൊമേഴ്സ്യൽ ബാങ്കുകളിലോ ഒരു കുട്ടിയോ കുട്ടിയുടെ രക്ഷിതാവോ പോയാൽ അപേക്ഷ സ്വീകരിക്കുന്നില്ല എന്ന മറുപടിയാണ് അവർക്ക് ആദ്യം കേൾക്കേണ്ടി വരുന്നത്. നിരന്തരം ഈ ആവശ്യവുമായി എത്തിയാലും തുടർച്ചയായി നിഷേധിക്കുകയാണ്. റീജിയണൽ ഓഫീസിൽ അയച്ചിട്ടുണ്ട്, പ്രോസസ് ചെയ്യുന്നുണ്ട് എന്നാണ് അവസാനം അവർ പറയുന്നത്. ചുരുക്കിപ്പറഞ്ഞാൽ ആ കുട്ടിക്ക് അഡ്മിഷൻ എവിടെയാണോ

ലഭിക്കേണ്ടത് അവിടെ ലഭിക്കുന്നതുവരെ ഈ പ്രോസസ്സിംഗ് തീരുകയില്ല, കുട്ടിക്ക് വായ്പ ലഭിക്കില്ല. അവസാനം പഠന ആഗ്രഹം ഉപേക്ഷിക്കുകയോ അല്ലെങ്കിൽ കൊള്ളപ്പലിശയ്ക്ക് എവിടെ നിന്നെങ്കിലും വായ്പ എടുത്ത് പഠിക്കേണ്ടതായോ വരുന്ന അവസ്ഥാവിശേഷമാണുള്ളത്. ഈ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം വരുത്താൻ ഗവൺമെന്റിന് സാധിക്കണം. തീർച്ചയായും ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് ജില്ലാതലത്തിലും നിയമസഭാ നിയോജകമണ്ഡല അടിസ്ഥാനത്തിലും സംവിധാനങ്ങൾ ഉണ്ടാക്കണം. നിയമസഭാംഗങ്ങളുടെ മുമ്പാകെ വരുന്ന നിരവധിയായ പരാതികളുണ്ട്. നിയമസഭാംഗങ്ങൾ ഇക്കാര്യം ലീഡ് ബാങ്ക് ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തിയാലും അതൊന്നും പരിഗണിക്കുന്ന അവസ്ഥ ഇല്ല. ഈ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം വരുത്തിക്കൊണ്ട് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കാനാവശ്യമായ വായ്പ ലഭ്യമാക്കണം. അതുപോലെ തന്നെ തിരിച്ചടവിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നൂറുകോടി രൂപ നീക്കിവച്ചുകൊണ്ട് കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രയാസം, ജോലി

കിട്ടുന്നതിനുള്ള കാലതാമസം, കിട്ടിയ ജോലിക്ക് മതിയായ ശമ്പളമില്ലാത്ത സ്ഥിതി ഇതെല്ലാം പരിഗണിച്ചുകൊണ്ട് കുട്ടികളെ സഹായിക്കുന്ന സമീപനം ഈ ഗവൺമെന്റും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ബാങ്കുകൾ ആശങ്കപ്പെടേണ്ടതില്ല, തിരിച്ചടയ്ക്കാനുള്ള കഴിവ് കുട്ടികൾക്ക് ഇല്ലാത്തതുകൊണ്ട്, മതിയായ ശമ്പളം കിട്ടാത്തതുകൊണ്ട് തങ്ങൾ കൊടുത്ത വായ്പ തിരിച്ചുകിട്ടാതായിപ്പോകും എന്ന ആശങ്ക പോലും അസ്ഥാനത്താക്കുന്ന തീരുമാനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യവും കൂടി കണക്കിലെടുത്തുകൊണ്ട് കൃത്യമായും കുട്ടികൾക്ക് വായ്പ കൊടുക്കുന്നതിനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ റിസർവ് ബാങ്കിന്റെ നയങ്ങളും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് വിദ്യാഭ്യാസ വായ്പ കേരളത്തിൽ നൽകുന്നത്. ഇന്ന് ഏതാണ്ട് 3.6 ലക്ഷം പേർക്ക് വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്. മൊത്തം അടങ്കൽ 9816 കോടിരൂപ വരും. ഇതിൽ അമ്പതിനായിരത്തിൽപ്പരം ലോണുകൾ എൻ.പി.എ. ആണ്. മൊത്തം തുക

1224 കോടിരൂപ വരും. അർഹതയുണ്ടെങ്കിലും വായ്പ പലപ്പോഴും നിഷേധിക്കപ്പെടുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. 4 ലക്ഷം രൂപവരെ പ്രത്യേകിച്ച് ഈടില്ലാതെ വായ്പ നൽകുന്നതിന് ബാങ്കുകൾ ബാദ്ധ്യസ്ഥരാണ്. അത് നടക്കുന്നില്ല. ഇക്കാര്യം SLBC-യിൽ ഉന്നയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർ പറഞ്ഞത് ഇത്തരം പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തുന്ന പക്ഷം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അങ്ങനെ സംസ്ഥാനതലത്തിലുള്ള ഒരു പരിഹാരസംവിധാനം പോരാ, മണ്ഡലാടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ഇത്തരത്തിൽ പരാതി സമർപ്പിക്കാനുള്ള ഒരു സംവിധാനം വേണമെന്നുള്ളതാണ്. ഇത് SLBC-യിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, വായ്പയുടെ തിരിച്ചടവിന്റെ കാര്യത്തിൽ കുട്ടികൾക്ക് അടയ്ക്കാൻ, കുട്ടികൾ എന്നുപറഞ്ഞാൽ പഠിച്ചു പാസ്സാകുന്നവർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവരുടെ രക്ഷകർത്താക്കളെപ്പോലും

ജയിലിലടയ്ക്കുന്ന അനുഭവം ഇക്കഴിഞ്ഞ കാലത്ത് ഉണ്ടായിട്ടുണ്ട്. അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുള്ള ശ്രമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ഒരു ഇടപെടൽ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, തീർച്ചയായും അത്തരത്തിലുള്ള ഇടപെടൽ ഉണ്ടാകും. ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സ്കീമനുസരിച്ച് വിദ്യാഭ്യാസ വായ്പകൾക്ക് മോറട്ടോറിയം നൽകും. അഞ്ചുവർഷം തികയാത്തവർക്കും ജോലി ലഭിക്കാത്തവർക്കുമായിരിക്കും മോറട്ടോറിയത്തിന് അർഹത ഉണ്ടാവുക. ജോലി കിട്ടിയാലും വരുമാനത്തിന്റെ നാലിലൊന്ന് മാത്രമേ വസൂലാക്കാൻ പാടുള്ളൂ. അതുപോലെ തന്നെ പ്രിൻസിപ്പൽ എമൗണ്ടിന്റെ തുല്യമായ പലിശ ഒടുക്കിയിട്ടുണ്ടെങ്കിൽ, പെനാൽറ്റി ഒഴിവാക്കുകയാണെങ്കിൽ സർക്കാർ കൂടി സഹായിച്ച് അത് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇങ്ങനെയുള്ള നിർദ്ദേശങ്ങളാണ് ഈ സ്കീമിലുള്ളത്. ഇത് SLBC-യുമായി ചർച്ച ചെയ്യണം. ചർച്ച ചെയ്ത് തീരുമാനത്തിലെത്തും.

## വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പ്രശ്നങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വളരെ ഗൗരവമേറിയ വിഷയമാണ് ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ എന്റെ ആത്മവീര്യം ചോർന്നുപോകുന്ന വിധത്തിൽ ഇടപെടരുത് എന്ന് ഞാൻ ആദ്യമായി അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ ഏത് തരത്തിലുള്ള വികാരമാണ് എന്നെ ഭരിക്കുന്നത് എന്നറിയില്ല. എങ്കിലും വളരെ വികാരഭരിതനായിട്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളീയ സമൂഹത്തിൽ അവഗണനയും അനാഥത്വവും അനുഭവിക്കുന്ന വിഭാഗങ്ങളാണ് വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും അവിവാഹിതരായ അമ്മമാരും. അർദ്ധ ജീവിതങ്ങളുടെ ഈ അരക്ഷിതാവസ്ഥയിലേയ്ക്ക് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പൊതുസമൂഹത്തിന്റെ അവജ്ഞയ്ക്കും നിന്ദയ്ക്കും അവഗണനയ്ക്കും പാത്രമാകുന്നവരാണ് മുകളിൽപ്പറഞ്ഞ വിഭാഗങ്ങൾ.

പാർശ്വവൽക്കരിക്കപ്പെട്ട നിസ്സഹായരും നിരാലംബരും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ടുകഴിയുന്നവരുമായ ഇവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് ഈ സഭ അടിയന്തര പരിഹാരം കാണേണ്ടിയിരിക്കുന്നു. പല കാരണങ്ങളാൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് വരികയാണ് ഇവർ. സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഇവർ അനുഭവിക്കുന്ന പ്രയാസങ്ങൾ വിവരണാതീതമാണ്. ഇത്തരത്തിൽ ഉത്തരവാദിത്വപ്പെട്ടവരുടെ പരിഗണനയും പരിലാളനയും ലഭിക്കാതെ ഒറ്റപ്പെടലിന്റെ ധർമ്മസങ്കടങ്ങളും ആകുലതകളും വ്യാകുലതകളുമായി തകർന്ന മനസ്സുകളോടെ ഇവർ ജീവിതം തള്ളി നീക്കുകയാണ്. ഇവരുടെ ശിഥിലമായ കുടുംബജീവിതം, വഴിതെറ്റിപ്പോകുന്ന കുട്ടികൾ, ആ കുട്ടികളിൽ വളർന്നുവരുന്ന കുറ്റവാസനകൾ നമ്മൾ കണ്ടില്ലെന്ന് നടിക്കുകയാണ്. ഇവർക്കായി നാം കണ്ണും കാതും തുറക്കേണ്ടിയിരിക്കുന്നു. ഇവർക്കുവേണ്ടി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. കേരളപ്പിറവിയുടെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ സമൂഹം പുറന്തള്ളിയ ഈ കണ്ണീർ ജീവിതങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുത്തേ തീരൂ.

സാമൂഹിക പ്രതിബദ്ധതയോടെ കാര്യങ്ങൾ നോക്കിക്കാണുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങേയറ്റം മാനുഷിക പരിഗണനയോടെ ഈ പ്രശ്നത്തിൽ വളരെ ഗൗരവപൂർവ്വമായ നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടെയാണ് ഞാൻ അങ്ങയുടെ മുമ്പിൽ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എനിക്ക് പറയാനുള്ളത്, വിധവകളുടെയും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരുടെ സംരക്ഷണം പുനരധിവാസം എന്നിവയ്ക്ക് വേണ്ടുന്നതായ പദ്ധതികൾ ഇന്ന് നിലവിലില്ല. കൊല ചെയ്യപ്പെടുന്നവരുടെ വിധവകളുടെ വിതുമ്പലുകൾ നമ്മൾ ഇന്ന് ശ്രദ്ധിക്കുന്നില്ല. അപൂർവ്വമായി നിലനിൽക്കുന്നതായ പുനരധിവാസ പദ്ധതികൾ ഉടച്ചുവാർക്കുകയും സാമൂഹിക പുനരധിവാസത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുകയും വേണം. ഒരു വഴിയുമില്ലാതെ ആരാന്റെ കടത്തിണ്ണയിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട സ്ത്രീകൾ ലൈംഗിക പീഡനങ്ങൾക്ക് വിധേയമാകുന്നു. ഇത്തരം ഇരകളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തണം. അതുപോലെ തന്നെ നിലവിലുള്ള പദ്ധതി നിർവ്വഹണവും ആവശ്യകതയും തമ്മിലുള്ള വിടവ് ശാസ്ത്രീയമായി പരിശോധിക്കണം. സമഗ്ര നയത്തിന് രൂപം നൽകണം.

താൽക്കാലിക സമാശ്വാസം എന്ന നിലയിൽ സാമ്പത്തികമായും അടിയന്തരവുമായ പുനരധിവാസ പദ്ധതികൾ ആരംഭിക്കണം. ജില്ലാതലത്തിൽ സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണം. ഒരു നിർദ്ദേശം കൂടി സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിധവകൾക്കുവേണ്ടി പഞ്ചായത്തുകളിൽ പ്രത്യേകം ഗ്രാമസഭകൾ വിളിച്ചുചേർക്കണം. പഞ്ചായത്ത് ഫണ്ടിൽ 5 ശതമാനം ഇപ്പോൾ സ്ത്രീകൾക്ക് നീക്കിവച്ചിട്ടുണ്ട്. ഈ രീതിയിൽ ഗ്രാമസഭകൾ ചേർന്നാൽ 5 ശതമാനത്തിൽ നല്ലൊരു തുക വിധവകളടക്കം പാർശ്വവൽക്കരിക്കപ്പെട്ട സഹോദരിമാർക്കുവേണ്ടി വിനിയോഗിക്കാൻ നമുക്ക് സാധിക്കും. കഴിഞ്ഞ തവണ ഇത്തരത്തിലുള്ള ഗ്രാമസഭകൾ ചേർന്നിരുന്നുവെന്നത് ഇത്തരുണത്തിൽ ഞാൻ ഇവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. നിയമനങ്ങളിൽ ഇവർക്ക് സംവരണം ഏർപ്പെടുത്തണം. അതുപോലെ തന്നെ പലിശരഹിത വായ്പകൾ നൽകി സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കണം. ഇതുപോലുള്ള ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട സർക്കാരും മുഖ്യമന്ത്രിയും മുന്നോട്ടുവരണമെന്നാണ്

എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ആത്മവീര്യത്തിന് കുറവില്ലാതെ തന്നെ കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയവർ, വിവാഹമോചിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ, മാരക രോഗത്താലും പക്ഷാഘാതം മൂലവും നട്ടെല്ലിന് ക്ഷതമേറ്റും കുടുംബം പുലർത്താൻ കഴിയാത്തവിധം കിടപ്പിലായവരുടെ ഭാര്യമാർ, എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരായവർ തുടങ്ങിയവരുടെ മക്കൾക്ക് അർഹമായ വിദ്യാഭ്യാസം നൽകി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ചൂഷണത്തിന് വിധേയരായി അമ്മമാരാകുന്ന അവിവാഹിതരായ സ്ത്രീകളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'സ്നേഹസ്പർശം' എന്ന പദ്ധതി പ്രകാരം ഇവർക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിധവകൾക്കും വിവാഹമോചിതരായ വനിതകൾക്കും 50 വയസ്സിനുമുകളിൽ

പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും 1000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഈ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിന് കൂടുതൽ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന നിരവധി പദ്ധതികളെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചു. സന്തോഷം തന്നെയാണ്. നമ്മൾ ഏത് പദ്ധതികൾ നടപ്പിലാക്കിയാലും ഒരു വിഭാഗത്തിന് അപകർഷതാബോധം ഉണ്ടെങ്കിൽ അതിന്റെ ഫലം ഒരിക്കലും അനുഭവവേദ്യമാകുകയില്ല. അപകർഷതാബോധം മാറ്റി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ഫലപ്രദമായ നടപടികൾ വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ സർക്കാർ സർവ്വീസിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന വിധവകളെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അപകർഷതാ ബോധമുള്ളവരെ അടക്കം മുമ്പോട്ടുകൊണ്ടുവരുന്നതിനുള്ള സ്ത്രീശാക്തീകരണ പദ്ധതി അതീവ

ഗൗരവമായിത്തന്നെ സർക്കാർ നടപ്പാക്കി വരികയാണ്. ഈ പ്രശ്നം മിക്കവാറും പരിഹരിക്കപ്പെടാൻ ഇടയുണ്ട്.